# 39

# അടയാളത്തിനായുള്ള ആളുകളുടെ ആഗ്രഹം

# (16:1- 4)

ആളുകൾക്ക് യേശുവിനോടുണ്ടായ വിവിധ രീതിയിലുള്ള പ്രതികരണ വിഷയം അദ്ധ്യായം 16 ലേക്കും നീളുന്നു. ആരംഭ വാക്യങ്ങളിൽ, പരീശന്മാരും സദൂക്യരും മശിഹയെ തള്ളിക്കളയുകയും അവന് അവമതിപ്പുണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു (16:1–4). ആ ഭാഗത്തിനു ശേഷം യേശു ആ സംശയിക്കുന്ന യെഹൂദ പ്രമാണിമാർക്കെതിരായി ശിഷ്യന്മാരോട് പറഞ്ഞു (16:5–12). പിന്നെ തന്റെ തിരിച്ചറിവിനെ സംബന്ധിച്ച് അവൻ ശിഷ്യന്മാരുമായി ഏറ്റുമുട്ടി, അത് പത്രൊസിന്റെ “യേശു ദൈവപുത്രനും ക്രിസ്തുവുമാണെന്ന” ഏറ്റു പറച്ചലിലേക്ക് നയിച്ചു (16:13–20).

ആ ഏറ്റുപറച്ചിലിനുശേഷം, യേശു തന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ് എന്നിവയെ മുന്നറിയിച്ചു. ആ വാർത്ത സ്വീകരിക്കുവാൻ വിഷമം നേരിട്ട പത്രൊസ്, യേശുവിനെ മാറ്റി കൊണ്ടുപോയി അതരുതേ എന്നു പറഞ്ഞു; ക്രിസ്തു കഷ്ടം അനുഭവിക്കേണ്ടതാണെന്ന സത്യം ഗ്രഹിക്കുവാൻ വാസ്തവത്തിൽ അവനു കഴിഞ്ഞില്ല (16:21–23). ആ അവസരം ഉപയോഗിച്ച്, യേശു ശിഷ്യന്മാരെ വിളിച്ച് ശിഷ്യത്വത്തെ കുറിച്ച് കൂടുതൽ മനസിലാക്കി കൊടുക്കുവാൻ തുടങ്ങി, അതിൽ അവരുടെ യജമാനനെ പോലെ അവരും കഷ്ടമേൽക്കേണ്ടതാണെന്നും അവരെ ബോധ്യമാക്കി (16:24–27). ആ സംഭാഷണത്തിലെ അവന്റെ അവസാന വാക്കുകളിൽ, രാജ്യം അവരുടെ ആയുഷ്ക്കാലത്തിൽ തന്നെ വരുമെന്ന് അവർക്ക് ഉറപ്പു കൊടുത്തു (16:28).

### ചോദ്യം (16:1)

**[1]അനന്തരം പരീശന്മാരും സദൂക്യരും അടുക്കെവന്നു, ആകാശത്തുനിന്ന് ഒരു അടയാളം കാണിച്ചുതരേണമെന്ന് അവനെ പരീക്ഷിച്ചു ചോദിച്ചു.**

യെഹൂദ മതാദ്ധ്യക്ഷന്മാരിൽ പലരും യേശുവിനെ മശിഹയായി കൈക്കൊള്ളാതെ തള്ളിക്കളഞ്ഞതിനെ മത്തായി 16:1–4–ൽ ഊന്നി പറഞ്ഞിരിക്കുകയാണ്. മുൻപ് അദ്ധ്യക്ഷന്മാരുടെ ഒരു കൂട്ടം 12:38–42–ൽ അടയാളം ആവശ്യപ്പെട്ടതുപോലെയായിരുന്നു ഇതും. അവന്റെ പ്രതികരണം രണ്ടു സന്ദർഭങ്ങളിലും ഒന്നു തന്നെയായിരുന്നു: യോനാ പ്രവാചകന്റെ അടയാളമല്ലാതെ മറ്റൊന്ന് ലഭിക്കുകയില്ല എന്നായിരുന്നു മറുപടി.

**വാക്യം 1.** യേശു തന്റെ വ്യക്തിപരമായ ശുശ്രൂഷ ആരംഭിച്ചതുമുതൽ, യെഹൂദ മതാദ്ധ്യക്ഷന്മാരിൽനിന്നു വാമൊഴിയായും മറ്റും എതിർപ്പുകൾ നേരിടേണ്ടി വന്നു, മുഖ്യമായും **പരീശ** വിഭാഗത്തിൽനിന്നായിരുന്നു. “പരീശൻ”

എന്ന വാക്കിനർത്ഥം "വേർപെട്ടവൻ" എന്നാണ്. അത് അവർക്ക് നന്നായി യോജിക്കും, കാരണം അവർ അക്ഷരാർത്ഥത്തിൽ, മറ്റു യെഹൂദന്മാരിൽ നിന്നും വേറിട്ടായിരുന്നു ജീവിച്ചിരുന്നത്. അവർ ആത്മിയമായി ഉത്തമന്മാരും, യാഥാസ്ഥിതികരും, മൗലികവാദികളും, അന്നു നിലവിലുണ്ടായിരുന്ന പാരമ്പര്യത്തെ-മുറുകെ പിടിക്കുന്നവരും ആയിട്ടാണ് അറിയപ്പെട്ടത് (3:7 ന്റെ പരാമർശം നോക്കുക).

അവസാനമായി **സദൂക്യരെ** കുറിച്ച് പറഞ്ഞിരിക്കുന്നത് 3:7 ലാണ്. പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നതൊഴിച്ചാൽ സദൂക്യരെ കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. യെഹൂദാദ്ധ്യക്ഷന്മാരിൽ അവരും ഉൾപ്പെട്ടിരുന്നു. ശാസ്ത്രിമാരും പുരോഹിതന്മാരും രണ്ട് കൂട്ടരിലും ഉണ്ടായിരുന്നു എങ്കിലും, മഹാപുരോഹിതന്മാരും, മുഖ്യപുരോഹിതന്മാരും അവരിലുണ്ടായിരുന്നതിനാൽ, അവർ ആഭിജാത്യമുള്ളവരായിട്ടായിരുന്നു അറിയപ്പെട്ടിരുന്നത്. അവർ റബ്ബിമാരുടെ പാരമ്പര്യത്തെ ഒന്നും കാര്യമായെടുത്തില്ല. മതപരമായും, ആചാരമായും, രാഷ്ട്രീയമായും വിട്ടുവീഴ്ച്ച ചെയ്യുവാൻ അവർ മടിച്ചിരുന്നില്ല. തിരുവെഴുത്തു വിശ്വസിക്കുന്നവരാണ് തങ്ങൾ, പ്രത്യേകിച്ച് ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ എന്നാണ് അവർ അവകാശപ്പെട്ടിരുന്നത്, പക്ഷെ അവയുടെ പ്രായോഗിക അർത്ഥം നഷ്ടമാകുന്ന വിധത്തിലായിരുന്നു അവയെ വ്യാഖ്യാനിച്ചിരുന്നത്. ആ യെഹൂദന്മാർ ഉദാരമതികളും, ലൗകിക വിഭാഗവുമായിരുന്നു. ദൂതന്മാരിലോ, അമർത്യതയിലോ, പുനരുത്ഥാനത്തിലോ, അല്ലെങ്കിൽ അമാനുഷമായ ഒന്നിലും അവർ വിശ്വസിച്ചിരുന്നില്ല (3:7 ന്റെ പരാമർശം നോക്കുക).

പരീശന്മാരും സദൂക്യരും ഒരുമിച്ചു ചേരുന്നത് അസാധാരണയായിരുന്നു കാരണം അവർ മതപരമായും രാഷ്ട്രീയമായും എതിർചേരികളിലായിരുന്നു. പല രീതിയിലും അവർക്ക് തമ്മിൽ കടുത്ത വ്യത്യാസം നിലനിന്നിരുന്നു എങ്കിലും, യേശുവിനോടുള്ള ശത്രുതയിൽ അവർ ഒന്നിക്കുകയായിരുന്നു (22:15-46). അവർ അന്യോന്യം വെറുത്തിരുന്നു. എന്നാൽ അതിലുമധികം അവർ യേശുവിനെ വെറുത്തു. തങ്ങളുടെ പാരമ്പര്യത്തെ യേശു വെല്ലുവിളിച്ചത് പരീശന്മാർക്ക് ഇഷ്ടമായില്ല, എന്നാൽ മശിഹാ പ്രസ്ഥാനം റോമാക്കാരുടെ പ്രതികാരത്തിനിടയാക്കുമെന്നതായിരുന്നു സദൂക്യരുടെ എതിർപ്പിനു കാരണം.

യേശു ചെയ്ത അത്ഭുതം നിമിത്തം ദൈവത്തെ ജാതികൾ മഹത്വപ്പെടുത്തിയെങ്കിൽ (15:31), യെഹൂദന്മാരായ മതാദ്ധ്യക്ഷന്മാർ അവന് അവമതിപ്പുണ്ടാക്കുകയായിരുന്നു. **പരിശോധിക്കുക** എന്നതിന്റെ ഗ്രീക്ക് വാക്ക് (*പെയിരാസോ*) "പരീക്ഷിക്കുക" എന്നും തർജിമ ചെയ്യാം (കെജെവി). മരുഭൂമിയിൽ വെച്ച് പിശാച് യേശുവിനെ പരീക്ഷിച്ചപ്പോൾ ഉപയോഗിച്ചതും അതേ ക്രിയയാണ് (4:1 ന്റെ പരാമർശം നോക്കുക). പിശാചിനെ പോലെ അവരുടെ പരീക്ഷണത്താൽ യേശുവിനെ പരാജയപ്പെടുത്തുവാനായിരുന്നു ശ്രമിച്ചത് (19:3; 22:18, 35 നോക്കുക). ഡഗ്ലസ് ആർ. എ. ഹെയർ പറഞ്ഞത് ബൈബിൾ നിലവാരമനുസരിച്ച് യേശുവിനെ പരിശോധിക്കുകയാണെന്ന് അവർ വിചാരിച്ചിരുന്നു എങ്കിലും (ആവ. 13:1-3; 18:15-22), വാസ്തവത്തിൽ അവർ ദൈവത്തെ പരീക്ഷിക്കുകയായിരുന്നു (ആവ. 6:16; സങ്കീ. 95:8, 9; എബ്രാ. 3:7-11). യേശു ആവർത്തിച്ചുള്ള അത്ഭുതങ്ങളാൽ തന്നെ തിരിച്ചറിയിച്ചു കഴിഞ്ഞതാണ്.[1]

**ആകാശത്തുനിന്ന് ഒരു അടയാളം കാണിച്ചു തരുവാനായിരുന്നു** യെഹൂദ മതാദ്ധ്യക്ഷന്മാർ ആവശ്യപ്പെട്ടത്. പല അവസരങ്ങളിലും ആ ആവശ്യം ഉന്നയിച്ചിട്ടുണ്ട് (12:38-42; ലൂക്കൊ. 11:16; യോഹ. 2:18; 6:30). യേശു ചെയ്ത അത്ഭുത

ങ്ങളും രോഗ സൗഖ്യങ്ങളും എല്ലാം ആകാശത്തുനിന്നുള്ള അടയാളം തന്നെ യായിരുന്നു, പക്ഷെ അവർക്ക് അതിലും വലിയ അടയാളം വേണമായിരുന്നു. മറ്റുള്ളവർ ചെയ്യുന്ന വെറും സൗഖ്യമാക്കലല്ല, മറിച്ച് അവർക്ക് ആവശ്യം ഭൂമിയെ തന്നെ ഇളക്കുന്ന ഒന്നായിരുന്നു.[2] അവർ യേശുവിന്റെ ശക്തിയെ നിരാകരിച്ചില്ല, പക്ഷെ അത് ദൈവത്തിൽനിന്നായിരുന്നു എന്നു സമ്മതിക്കു വാൻ അവർക്ക് കഴിഞ്ഞില്ല. അവൻ സാത്താന്റെ ഒരു ഏജന്റാണെന്നായിരുന്നു അവരുടെ ആരോപണം (12:24).

ഒരു വ്യക്തിക്ക് അസാധാരണ ശക്തിയുണ്ടെന്നു തിരിച്ചറിയിക്കുന്ന അത്ഭു തമായിരുന്നേക്കാം ഒരു "അടയാളം," അത് അവന്റെ അധികാരത്തെ ഉറപ്പി ക്കുകയാണ് (11:2–6; യോഹ. 1:29–34; 20:30, 31). "ദൈവത്തിൽനിന്നു" എന്നു പറയുന്നതിന് പകരമുള്ള പ്രയോഗമാണ് "ആകാശത്ത് നിന്ന്" എന്നത്. ഒരുപ ക്ഷെ യേശു മശിഹയാണെന്നതിന് അവിതർക്കിതമായ തെളിവായിരിക്കാം അവർ ദൈവത്തിൽനിന്നു പ്രതീക്ഷിച്ചത്. "സ്വർഗത്തിൽനിന്ന്" എന്നത് "ആകാ ശത്ത് നിന്നു" എന്നും തർജിമ ചെയ്യാം. മോശെയുടെ കാലത്ത് സ്വർഗത്തിൽനി ന്നു മന്നാ പൊഴിച്ചു കൊടുത്തതുപോലെയോ (പുറ. 16:1–36), യോശുവയുടെ കാലത്ത് സൂര്യനെ നിശ്ചലമായി നിർത്തിയതുപോലെയോ (യോശു. 10:12–14), ഏലിയാവിന്റെ കാലത്ത് സ്വർഗത്തിൽനിന്നു തീ ഇറങ്ങിയതുപോലെയോ (1 രാജാ. 18:30–40) ഉള്ള അടയാളമായിരിക്കാം അവർ അന്വേഷിച്ചത്.

### ഉത്തരം (16:2-4)

**2അവരോട് അവൻ ഉത്തരം പറഞ്ഞത്, "സന്ധ്യാസമയത്ത് ആകാശം ചുവന്നു കണ്ടാൽ, 'നല്ല തെളിവാകും എന്നും' 3'രാവിലെ ആകാശം മൂടി ചുവന്നു കണ്ടാൽ, ഇന്നു മഴക്കോൾ ഉണ്ടാകും' എന്നും നിങ്ങൾ പറയുന്നു. ആകാശത്തിന്റെ ഭാവം വിവേചിപ്പാൻ നിങ്ങൾ അറിയുന്നു. എന്നാൽ കാല ലക്ഷണങ്ങളെ വിവേചിപ്പാൻ കഴിയുകയില്ലയോ? 4ദോഷവും വ്യഭിചാരവു മുള്ള തലമുറ അടയാളം തിരയുന്നു. യോനയുടെ അടയാളമല്ലാതെ അതിന്നു അടയാളം ലഭിക്കുകയില്ല." പിന്നെ അവൻ അവരെ വിട്ടുപോയി.**

**വാക്യങ്ങൾ 2, 3.** അവരുടെ ആത്മിയമായ പരിജ്ഞാനക്കുറവു ബോധ്യപ്പെ ടുത്തിക്കൊണ്ടാണ് യേശു പരീശന്മാരോടും സദൂക്യരോടും ഉത്തരം പറഞ്ഞത്:

> "സന്ധ്യാസമയത്ത് ആകാശം ചുവന്നു കണ്ടാൽ നല്ല തെളിവാകും" എന്നും, രാവിലെ ആകാശം മൂടി ചുവന്നു കണ്ടാൽ, "ഇന്നു മഴക്കോൾ ഉണ്ടാ കും" എന്നും നിങ്ങൾ പറയുന്നു. ആകാശത്തിന്റെ ഭാവങ്ങളെ വിവേചിപ്പാൻ നിങ്ങൾ അറിയുന്നു. എന്നാൽ കാലത്തിന്റെ ലക്ഷണങ്ങളെ വിവേചിപ്പാൻ നി ങ്ങൾക്ക് കഴിയുകയില്ലയോ?

പല പുരാതന കയ്യെഴുത്തു പ്രതികളും ആ വാക്കുകളെ ഒഴിവാക്കിയിരുന്നു.[3] പക്ഷെ മറ്റു പല കയ്യെഴുത്തു പ്രതികളും അതിനെ ഉൾപ്പെടുത്തിയിരിക്കു ന്നു. അത് പിന്നീട് കൂട്ടി ചേർത്തതാണെന്ന് ചിലരും, എന്നാൽ കാലാവസ്ഥ കൈകാര്യം ചെയ്യുന്നവർ അത് ഒഴിവാക്കിയതാണെന്നു (ഉദാഹരണമായി മിസ്രയിം) വേറെ ചിലരും പറയുന്നു.[4] വേദപുസ്തകത്തിന്റെ ആധികാരിക

തയാണ് തെളിവ്.

യെഹൂദ മതാദ്ധ്യക്ഷന്മാരോടുള്ള പ്രതികരണത്തിൽ യേശു വാക്കുകൾ കൊണ്ട് കളിക്കുകയാണെന്ന് ആ ഭാഷ കണ്ടാൽ തോന്നി പോകും; വാക്യം ഒന്നിൽ ഉപയോഗിച്ച "ആകാശം" (*ഔരാനോസ്*) എന്ന വാക്ക് തന്നെയാണ് വാക്യം 2-ൽ "ആകാശം" എന്നതിന് ഉപയോഗിച്ചതു. അവന്റെ പ്രതികരണം നാവികരുടെ സുഭാഷിതം പോലെയായിരുന്നു, "പ്രഭാതത്തിലെ ചുവന്ന ആകാശം, നാവികന് മുന്നറിയിപ്പായും, രാത്രിയിലെ ചുവന്ന ആകാശം നാവികനെ സന്തോഷിപ്പിക്കുന്നതായും കണക്കാക്കും."[5] രാത്രി ആകാശം ചുവന്നു കണ്ടാൽ, സാധാരണ അടുത്ത ദിവസം നല്ല കാലാവസ്ഥയായിരിക്കും. എന്നാൽ പ്രഭാതത്തിൽ ആകാശം ചുവന്നു കണ്ടാൽ, കൊടുങ്കാറ്റ് വരുമെന്നാണ് സൂചന. ഈ അദ്ധ്യക്ഷന്മാർക്ക് കാലാവസ്ഥയിലെ ലക്ഷണങ്ങൾ മനസിലാക്കുവാൻ കഴിയുന്നു എങ്കിൽ,[6] തീർച്ചയായും അവർക്ക് ആത്മിയ ലക്ഷണങ്ങൾ വിവേചിക്കുവാൻ കഴിയണം എന്നാണ് യേശു പറഞ്ഞത്.

"കാല ലക്ഷണങ്ങൾ" എന്ന പ്രയോഗത്തിൽ അവരുടെ മദ്ധ്യേയുള്ള യേശു എന്ന വ്യക്തിയുടെ പ്രവൃത്തികളും ഉൾപ്പെടുന്നു. യേശുവിന്റെ ആ അസാധാരണമായ സാന്നിധ്യം ബോധ്യമാക്കുന്നത്, ഒന്നുകിൽ ആളുകൾ മാനസാന്തരപ്പെടേണം, അല്ലെങ്കിൽ അവനെ തള്ളിക്കളഞ്ഞ് അവന്റെ വരുവാനുള്ള ന്യായവിധിയെ നേരിടണം.[7]

**വാക്യം 4**. അവരുടെ അവിശ്വാസം യേശുവിനെ വേദനിപ്പിച്ചു (മർ. 8:12), **ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം അന്വേഷിക്കുന്നു** എന്നാണ് യേശു യെഹൂദ പ്രമാണിമാരോട് പറഞ്ഞത്. പഴയനിയമ ഭാവനയാണ് അവൻ ഇവിടെ വിവരിക്കുന്നത്; അവർ ദൈവത്തോട് അവിശ്വസ്തരായി തീർന്ന ആളുകളായിരുന്നു (ആവ. 32:5; യെശ. 50:1; യിരെ. 3:8; 13:27; 31:32; യെഹെ. 16:32–43; ഹോശെ. 2:1–20).

കർത്താവ് പറഞ്ഞു, "**യോനാ പ്രവാചകന്റെ അടയാളമല്ലാതെ, അതിന് അടയാളം ലഭിക്കുകയില്ല**." മറ്റു ശാസ്ത്രിമാരേയും പരീശന്മാരേയും അവൻ ഇതേ ചിത്രീകരണത്താൽ അഭിമുഖീകരിച്ചിരുന്നു. മുൻപ് ഒരവസരത്തിൽ അവൻ പറഞ്ഞു, "യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ, മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും" (12:40). ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപിന്റെ മുൻനിഴലായിരുന്നു "യോനയുടെ അടയാളം" (12:39, 40 ന്റെ പരാമർശം നോക്കുക). ആ വലിയ അത്ഭുതം യേശു ദൈവപുത്രനാണെന്നു തെളിയിക്കുന്നതായിരുന്നു (റോമർ. 1:4), അതും യെഹൂദ മതാദ്ധ്യക്ഷന്മാർ തള്ളിക്കളഞ്ഞു. അവന്റെ കല്ലറ കാത്ത കാവൽക്കാർക്ക് കൈക്കൂലി കൊടുത്ത് സത്യസന്ധതയില്ലാത്ത അവർ അതിനെ മറെച്ചുവെക്കുവാനായിരുന്നു ശ്രമിച്ചത് (മത്താ. 28:11–15).

പ്രതികരിച്ചശേഷം, അവരെ വിട്ട് അവൻ പോയി.

## പാഠങ്ങൾ

### ആത്മിയ അന്ധത (16:1-4)

ഈ ചെറിയ വേദഭാഗത്ത്, ആത്മിയ അന്ധതയുള്ളവരുടെ നാല് സ്വഭാവങ്ങൾ നാം കാണുന്നു: (1) ആത്മിയ അന്ധതയുള്ളവർ ഇരുട്ട് അന്വേഷിക്കുന്നു,

(2) അവർ വെളിച്ചത്തെ ശപിക്കുന്നു, (3) അവർ പിന്നെയും ഇരുട്ടിലേക്ക് നുഴഞ്ഞു ചെല്ലുന്നു, (4) അവർ ദൈവത്താൽ ഉപേക്ഷിക്കപ്പെടുന്നു.


**ശാസ്ത്രീയമാണ്, പക്ഷെ ആത്മിയമല്ല (16:2, 3)**

കാലാവസ്ഥ വിവേചിക്കുവാൻ കഴിയുകയും എന്നാൽ "കാല ലക്ഷണങ്ങൾ" വിവേചിക്കുവാൻ കഴിയാതിരിക്കുകയും ചെയ്ത പരീശന്മാരെയും സദൂക്യരേയും യേശു ശാസിച്ചു. അവനെ ക്രിസ്തുവായി അവർക്ക് തിരിച്ചറിയുവാൻ കഴിയാതിരുന്നതിനാൽ, അവന്റെ ഉപദേശത്തെയും അത്ഭുതങ്ങളേയും അവർ കണക്കാക്കിയില്ല. അവൻ അന്നത്തെ തലമുറയെ കുറ്റപ്പെടുത്തിയെങ്കിൽ, നമ്മുടെ ഇന്നത്തെ തലമുറയെ എന്തു ചെയ്യും? കാലാവസ്ഥാ വ്യതിയാനങ്ങളെ കുറിച്ച് നാം പല നൂതനപഠനങ്ങൾ നടത്തി മുന്നേറിയിരിക്കുന്നു എന്നവകാശപ്പെടുമ്പോൾ (മറ്റു പല ശാസ്ത്രിയ മുന്നേറ്റത്തോടൊപ്പമാണ്), അത്തരം ലൗകിക പുരോഗതി ആത്മിയ പരിജ്ഞാനം തുല്യമാക്കുന്നില്ല എന്നതാണ് പരമാർത്ഥം, പലരും തങ്ങളുടെ അധാർമ്മികതയിൽ തന്നെ ജീവിച്ച് ക്രിസ്തുവിന്റെ മടങ്ങിവരവിനെയോ ന്യായവിധിയെയോ ഗൗരവമായി കണക്കാക്കുന്നില്ല എന്നതു തീർച്ചയാണ്.

ഡേവിഡ് സ്റ്റുവർട്ട്

കുറിപ്പുകൾ

[1]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു*, ഇന്റർപ്രേട്ടേഷൻ (ലൂയിസ്വില്ലേ: ജോൺ നോക്സ് പ്രസ്, 1993), 183. [2]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 413. [3]മർക്കൊസിന്റെ സമാന്തര വിവരണത്തിൽ വാക്കുകളും കുറവാണ് (മർ. 8:11, 12). [4]ബ്രുസ് എം. മെറ്റ്സ്ജർ, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യുടെസ്റ്റമെന്റ്*, 2 ഡ് എഡി. (സ്റ്റട്ഗാർട് ജെർമൻ ബൈബിൾ സ്വസൈറ്റി, 1994), 33. [5]ഈ തത്വത്തിന്റെ ഏറ്റവും ആദ്യത്തെ രേഖയാണ് തിയോഫ്രാസ്റ്റസ് *കൺസേണിങ്ങ് വെദർ സൈൻസ്* 1.10. തെയോഫ്രാസ്റ്റസ് (സി. 371–സി. 287 ബി. സി.) അയാൾ അരിസ്റ്റോട്ടിലിന്റെ പിൻഗാമിയാണ്. [6]പണ്ട് ആളുകൾ ആകാശത്തിലെ മേഘങ്ങൾ നോക്കി കാലാവസ്ഥ പ്രവചിക്കാറുണ്ടായിരുന്നു (പ്ലിനി *നാച്ചുറൽ ഹിസ്റ്ററി* 18.78; വെർജിൽ ജോർജിക്സ് 1.438–60; താൽമൂദ് *യോമാ* 21 ബി.) [7]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു*, ദ ന്യുസെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 257.




യേശുവിന്റെ കാലത്തെ പാലസ്തീന്റെ ചിത്രം,
ഗലീലാ കടലിനു സമീപമുള്ള പട്ടണങ്ങളെ കാണിക്കുന്നു.